**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റ അപേക്ഷകളിന്മേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റാനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27 A വകുപ്പിലും ചട്ടങ്ങളിലെ ചട്ടം 12 ലും നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു മാത്രമേ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ കഴിയൂ. ഇതു പ്രകാരം വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയും, ആവശ്യമെന്ന് കാണുന്ന പക്ഷം, നേരിട്ട് സ്ഥല പരിശോധന നടത്തിയും, കേരള റിമോട്ട് സെൻസിംഗ് ആന്റ് എൻവിയോൺമെന്റ് സെന്ററിന്റെ (കെ.എസ്.ആർ.ഇ.സി) റിപ്പോർട്ട് ലഭ്യമാക്കിയും രേഖകൾ പരിശോധിച്ചും, വളരെ അവധാനതയോടെയും സൂക്ഷ്മതയോടെയുമാണ്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമിയുടെ തരം മാറ്റ അപേക്ഷകളിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ തീർപ്പ് കൽപ്പിക്കുന്നത്. എന്നാൽ, കോവിഡ്-19 വ്യാപനത്തിന്റെയും, തദ്ദേശ സ്വയംഭരണ/അസംബ്ലി തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിലും, പ്രസ്തുത നടപടികളിൽ കാലതാമസം ഉണ്ടായിട്ടുള്ളതാണ്. കൂടാതെ അപേക്ഷകളുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവ് മൂലവും, അപേക്ഷകൾ തീർപ്പാക്കുന്നതിന് കാല താമസം നേരിട്ടിട്ടുള്ളതാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. അപ്രകാരം സ്വീകരിച്ച് വരുന്ന നടപടികൾ, ഇനി പറയും പ്രകാരമാണ് : * ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ അധികമായി |

| | | | |
|---|---|---|---|
| | | | നിയമിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . * ഭൂമി തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം , നിലവിലെ അവസ്ഥ, എന്നിവ ക്രോഡീകരിച്ച് , അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. *ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. *അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ നിയമ പ്രകാരം ഡേറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരം മാറ്റുന്നതിന് ആർക്കൊക്കെയാണ് അനുമതി ലഭിക്കുന്നത്; ആയതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12/08/2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമിയെയാണ് ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കി നൽകുന്നത് . ഡേറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി/തെറ്റായി ഉൾപ്പെട്ട ഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരമുള്ള ഫോറം 5-ൽ , ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് അപേക്ഷ പരിശോധിച്ച് , അപേക്ഷ ഭൂമി ഡേറ്റാ ബാങ്കിൽ, നഞ്ച (Wet) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, നെൽവയൽ (Paddy) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, ഉചിതമാണെന്ന് കാണുന്ന പക്ഷം, നേരിട്ട് സ്ഥല പരിശോധന നടത്തിയോ കേന്ദ്ര സംസ്ഥാന ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടു കൂടിയോ, ഡാറ്റാബാങ്കിലേ ഉള്ളടക്കങ്ങൾ പരിശോധിച്ച് , അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| (സി) | സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകളിൽ ഭൂമി തരം മാറ്റുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ | (സി) | ഭൂമി തരം മാറ്റുന്നതിനായുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഓരോ റവന്യൂ |

| | | | |
|---|---|---|---|
| | സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം , നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച് , അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്. ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്, ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു . തരം മാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ, എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും, പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിലെ വകുപ്പ് 2(xviഎ) പ്രകാരമുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി, ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ പ്രകാരം, ഭൂവിസ്തൃതിയ്ക്കനുസൃതമായി, ഫാറം 6 /ഫാറം 7-ൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. മേൽപ്രകാരം, ഭൂമി തരം മാറ്റത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ, വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയും, ആവശ്യമെന്ന് കാണുന്ന പക്ഷം, നേരിട്ട് സ്ഥല പരിശോധന നടത്തിയും, കെ.എസ്.ആർ.ഇ.സി യുടെ റിപ്പോർട്ട് ലഭ്യമാക്കിയും രേഖകൾ പരിശോധിച്ചുമാണ് റവന്യൂ ഡിവിഷണൽ ഓഫീസർമാർ തീർപ്പ് കൽപ്പിക്കുന്നത്. എന്നാൽ, കോവിഡ്- 1 9 വ്യാപനത്തിന്റെയും, തദ്ദേശ സ്വയംഭരണ/അസംബ്ലി തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിലും, പ്രസ്തുത നടപടികളിൽ കാലതാമസം ഉണ്ടായിട്ടുള്ളതാണ്. കൂടാതെ, അപേക്ഷകളുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവ് മൂലവും, അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വരുന്നു. അപ്രകാരം സ്വീകരിച്ച് വരുന്ന നടപടികളുടെ ഭാഗമായി, ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂമി തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം, നിലവിലെ അവസ്ഥ, എന്നിവ ക്രോഡീകരിച്ച്, അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്, ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.. അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12/08/2008-ന് സംസ്ഥാനത്ത് നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗബോർഡോ കേന്ദ്ര-സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ, തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായത്തോടെ ഡേറ്റാബാങ്ക് തയ്യാറാക്കി അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ മുഖേന വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. അപ്രകാരം പ്രസിദ്ധീകരിച്ച ഡേറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി/തെറ്റായി ഉൾപ്പെട്ട ഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള ഫോറം 5-ൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് അപേക്ഷ പരിശോധിച്ച്, അപേക്ഷ ഭൂമി ഡേറ്റാ ബാങ്കിൽ നഞ്ച (Wet) വിഭാഗത്തിലാണ്

ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, നെൽ വയൽ (Paddy) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, ഉചിതമെന്ന് കാണുന്ന പക്ഷം, നേരിട്ട് സ്ഥലപരിശോധന നടത്തിയോ കേന്ദ്ര-സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടു കൂടിയോ, ഡേറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച്, അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.